www.dhanamonline.com

# ധനം

വ്യവസായ വാണിജ്യ ദ്വൈവാരിക

Vol. XXIX No.11, June 15, 2017 ₹30


Publishing Date: 2nd June 2017
RN 44620/87
Registered.No.KL/EKM/032/2015-17
Licence No. KL/CR/EKM/WPP-18/2015-17
Licensed to post without prepayment
on 2nd & 3rd and 16th & 17th of every
month at Kochi PSO, Total 44 Pages



രഞ്ജി പണിക്കരുടെ
ഉള്ളിലിരുപ്പ്



കേരളത്തിന്റെ ധനഭരണം:
ഈ പോക്ക് വിനാശത്തിലേക്ക്
ഡോ. ബി.എ പ്രകാശ്



# പിണറായിക്ക് എന്തു പറ്റി?

## കേരളം പ്രതീക്ഷിക്കുന്നതെന്ത്?



ഡോ. മുഹമ്മദ് മജീദ്

SAMI LABS

ശാസ്ത്രജ്ഞൻ സംരംഭകനായി, ആയുർവേദത്തിന് ആഗോള നേട്ടം



ബിറ്റ്കോയ്ൻ എന്ന ഡിജിറ്റൽ സ്വർണം

ഓഹരി നിക്ഷേപകർ വരുത്തുന്ന ഏഴ് തെറ്റുകൾ

# ശാസ്ത്രജ്ഞൻ സംരംഭകനായി, ആയുർവേദത്തിന് ആഗോള നേട്ടം

**ആയുർവേദത്തിന്റെ അൽഭുത സിദ്ധികൾ ലോകത്തിന് പരിചയപ്പെടുത്തിയവരിൽ പ്രമുഖ സ്ഥാനമുള്ള ഡോ. മുഹമ്മദ് മജീദിന്റെ സംരംഭമായ സമി-സബിൻസ ഗ്രൂപ്പ് ഇന്ന് ആഗോളതലത്തിൽ നേട്ടം കൊയ്യുന്നു**

ധനം ന്യൂസ് ബ്യൂറോ

പോക്കറ്റിൽ എട്ട് ഡോളറും മനസ് നിറയെ സ്വപ്നങ്ങളും. ഒപ്പം അളവറ്റ നിശ്ചയദാർഢ്യവും. ഫാർമസി ബിരുദവുമായി അമേരിക്കയിൽ എത്തിയ മുഹമ്മദ് മജീദ് എന്ന മലയാളി യുവാവിന് സ്വന്തമായൊരു വഴി വെട്ടിത്തെളിക്കാൻ ഇത് ധാരാളമായിരുന്നെന്ന് പിന്നീട് കാലം തെളിയിച്ചു; ജോലിയല്ല, സംരംഭമായിരുന്നു നിയോഗമെന്നും. ഇന്ത്യയുടെ പരമ്പരാഗത ചികിത്സാ രീതികൾ പാശ്ചാത്യ ലോകത്തിന്റെ ജീവിതശൈലിയുടെ ഭാഗമാക്കി ഡോ. മുഹമ്മദ് മജീദ് പുതിയൊരു സംരംഭ വിജയകഥയിലെ താരമായി. ആയുർവേദത്തിന്റെ ഗ്ലോബൽ ബ്രാൻഡ് അംബാസിഡർമാരിൽ ഒരാളും.

1988-ൽ ന്യൂജേഴ്സിയിൽ ആരംഭിച്ച സബിൻസ കോർപ്പറേഷൻ ആഗോളതലത്തിൽ ആരോഗ്യരംഗത്ത് മുൻനിരയിലുള്ള സമി-സബിൻസ ഗ്രൂപ്പായി വളരുമ്പോൾ അംഗീകരിക്കപ്പെടുന്നത് ഇന്ത്യയുടെ പാരമ്പര്യമികവ് തന്നെ, ഒപ്പം, ഒരു സംരംഭകന്റെ സ്വപ്നത്തിന്റെ കരുത്തും.

ഫുഡ്, ന്യൂട്രിഷൻ, കോസ്മറ്റിക്സ്, ഫാർമസ്യൂട്ടിക്കൽസ് എന്നിങ്ങനെ വിവിധ മേഖലകളിലാണ് ഇന്ന് ഈ കമ്പനി മികവ് തെളിയിക്കുന്നത്. ആയുർവേദത്തിന്റെ കരുത്തും ശാസ്ത്രഗവേഷണത്തിന്റെ മികവും ആധുനിക സാങ്കേതികവിദ്യയുടെ പിന്തുണയും സംയോജിപ്പിച്ച് ഡോ. മജീദ് വിപണിയിലെത്തിച്ച ഉൽപ്പന്നങ്ങൾ ഇന്ന് അമേരിക്കയിലും യൂറോപ്പിലും സൗത്ത് ഈസ്റ്റ് ഏഷ്യയിലും ഒരുപോലെ ശ്രദ്ധ നേടുകയാണ്.

## വേറിട്ട ചിന്തകൾ

ആയുർവേദത്തിന്റെ എല്ലാ നന്മകളും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ആഗോളതലത്തിൽ പ്രചരിപ്പിക്കുക എന്ന സ്വപ്നസാക്ഷാൽക്കാരത്തിനായി ബാംഗ്ലൂരിൽ സ്ഥാപിച്ച സമി ലാബ്സ് ഇന്ന് ലോകമറിയുന്ന പേരാണ്. 150 പേറ്റന്റുകളും അമേരിക്ക, ചൈന, ഓസ്ട്രേലിയ, മിഡിൽ ഈസ്റ്റ് ഉൾപ്പടെ പതിനഞ്ചോളം രാജ്യങ്ങളിൽ ബിസിനസ് സാന്നിധ്യവുമുള്ള സമി ലാബ്സ് ആയുർവേദ രംഗത്ത് ഗവേഷണം നടത്തുന്ന കമ്പനികളിൽ മുൻനിരയിലുണ്ട്. മഞ്ഞളും കുരുമുളകും വെളുത്തുള്ളിയും കുടംപുളിയുമെല്ലാം പല വിദേശീയരും ഉപയോഗിക്കുന്ന ഉൽപ്പന്നങ്ങളുടെ ഭാഗമായതും ഈ കമ്പനിയിലൂടെയാണ്.

2016 ലെ എക്സിം ബാങ്ക് റിപ്പോർട്ട് അനുസരിച്ച് ഹെൽത്ത് സപ്ലിമെന്റുകളുടെ ഇപ്പോഴത്തെ ആഗോള വിപണി മൂല്യം 80 ബില്യൺ ഡോളറാണ്, 2050 ആകുമ്പോൾ ഇത് ആറ് ട്രില്യൺ ആകും. ഇന്ത്യൻ വിപണി മാത്രം 4205 കോടിയുടേതാണ്. 2020 ആകുമ്പോഴേക്കും ഇത് ഇരട്ടിയാകും എന്നാണ് കണക്ക്. വമ്പൻ സാധ്യതകളുള്ള ഈ മേഖലയിൽ സംരംഭം തുടങ്ങിയതും ഈ മലയാളിയുടെ ദീർഘവീക്ഷണത്തിന്റെ തെളിവ്.

ഔഷധനിർമാണ രംഗത്ത് നിയമങ്ങളും നിയന്ത്രണങ്ങളും ഏറെയുള്ള അമേരിക്കയിൽ, മത്സരം നിറഞ്ഞ ഒരു വിപണിയിൽ പരമ്പരാഗത ചികിത്സാ രീതി അടിസ്ഥാനമാക്കി ഒരു പുതിയ സംരംഭം തുടങ്ങാൻ ഡോ. മജീദിന് എങ്ങനെയാണ് ധൈര്യം ലഭിച്ചത്?

'അമേരിക്കയിൽ എത്തുമ്പോൾ എന്റെ കയ്യിൽ ആകെ എട്ട് ഡോളറേ ഉള്ളൂ, പക്ഷെ, മനസ് നിറയെ സ്വപ്നങ്ങളും അമ്മ നൽകിയ പ്രചോദനവുമായിരുന്നു. ഫാർമസിസ്റ്റിന്റെ ജോലിക്കൊപ്പം ലോങ്ങ് ഐലന്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഇൻഡസ്ട്രിയൽ ഫാർമസിയിൽ എംഎസും സെന്റ് ജോൺസ് യൂണിവേഴ്സിറ്റിയിൽ നിന്ന് പി എച്ച്ഡിയും നേടി. ഫൈസർ തുടങ്ങിയ കമ്പനികളിൽ ജോലി ചെയ്തു, എനിക്ക് ആയുർവേദത്തിൽ വിശ്വാസമായിരുന്നു. ശാസ്ത്ര ഗവേഷണങ്ങൾ അടിസ്ഥാനമാക്കി, ഇൻഡസ്ട്രിയൽ ഫാർമസിയിലെ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ആധുനിക ജീവിതത്തിനു യോജിച്ച രീതിയിൽ ഡോസേജ് രൂപപ്പെടുത്തിയാണ് ആയുർവേദത്തെ ഞാൻ അമേരിക്കയിൽ അവതരിപ്പിച്ചത്. ആരോഗ്യ രംഗത്തെ തുടക്കം അങ്ങനെയായിരുന്നു.'

ഔഷധഗുണമുള്ള പല വസ്തുക്കളുടെയും പേറ്റന്റ് പലവഴിക്ക് ഇന്ത്യയ്ക്ക് നഷ്ടമാകുമ്പോൾ സമിലാബ്സും ഡോ. മജീദും നടത്തുന്ന നിയമപോരാട്ടങ്ങൾ സംരംഭകർക്ക് മാത്രമല്ല, രാജ്യത്തിനു തന്നെ പ്രചോദനമാണ്. സമി ലാബ്സിന്റെ പേറ്റന്റ് മറികടന്ന്, മഞ്ഞളിലടങ്ങിയിട്ടുള്ള കർക്യൂമിൻ ഉപയോഗിച്ച്, ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാനുള്ള ശ്രമങ്ങൾ കമ്പനി കോടതിയിലൂടെ തടഞ്ഞതും നഷ്ടപരിഹാരം നേടിയതും ഈയിടെ ഏറെ വാർത്താപ്രാധാന്യം നേടിയിരുന്നു. കമ്പനി നേടിയിട്ടുള്ള നിയമവിജയങ്ങളിൽ ഏറ്റവും പുതിയത്.

'ഹെർബൽ, ന്യൂട്രീഷണൽ സപ്ലിമെന്റുകളുടെ രംഗത്ത് കമ്പനിയുടെ ആധിപത്യം എന്താണെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ ഈ നിയമവിജയങ്ങൾ സഹായിക്കും,' ഡോ. മജീദ് പറയുന്നു. ' ബൗദ്ധികസ്വത്തവകാശത്തിന്റെ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും സമി ലാബ്സ് ചെയ്യില്ല എന്ന് ഇതോടെ എല്ലാവർക്കും ബോധ്യമായിട്ടുണ്ട്.'

## വ്യത്യസ്തമായ വിഷൻ

ലാഭകരമായ ഒരു ബിസിനസ് എന്ന ചിന്തയല്ല, മറിച്ച് വിദേശ രാജ്യങ്ങളിൽ ആയുർവേദത്തെ കോംപ്ലിമെന്ററി മെഡിസിൻ എന്ന നിലയിൽ നിന്ന് ഇന്റഗ്രേറ്റഡ് മെഡിസിൻ എന്ന തലത്തിലേക്ക് ഉയർത്താൻ വേണ്ടിയുള്ള വിഷൻ ആയിരുന്നു എന്നും ഈ സംരംഭകനെ നയിച്ചത്. അതുകൊണ്ടു തന്നെ ഈ കമ്പനിയുടെ വിജയവും വേറിട്ടതാണ്.

സംരംഭത്തെക്കുറിച്ച് ചിന്തിക്കുന്ന കാലത്ത് വെറും മൂന്ന് ആയുർവേദ ഉൽപ്പന്നങ്ങൾ മാത്രമേ ഇന്ത്യയിൽ നിന്ന് അമേരിക്കയിൽ എത്തിയിരുന്നുള്ളൂ. ഈ സാഹചര്യത്തിൽ നിന്ന് പുതിയൊരു സംരംഭ സാധ്യതയും ആയുർവേദത്തിന്റെ പ്രചാരവും കണ്ടെത്തിയാണ് ഈ സംരംഭകൻ വ്യത്യസ്തനായത്.

'ജനറിക് ഡ്രഗ് എന്നതിൽ നിന്ന് മാറി ഇന്ത്യൻ ഔഷധ സസ്യങ്ങളെ അമേരിക്കൻ വിപണിക്ക് പരിചയപ്പെടുത്തുക എന്നതായിരുന്നു നേരിട്ട പ്രധാന വെല്ലുവിളി. അമേരിക്കക്കാർക്ക് പ്രശ്നം സൃഷ്ടിച്ചിരുന്ന പല അസുഖങ്ങളും പൂർണമായും ഭേദമാക്കാൻ ആയുർവേദത്തിന് കഴിയും എന്ന് ഞാൻ തെളിയിച്ചു. ഈ രംഗത്ത് തൊണ്ണൂറുകളിൽ നടത്തിയ പരിശ്രമങ്ങളാണ് ഇന്ന് നേട്ടങ്ങളുണ്ടാക്കുന്നത്.'

ആദ്യം ഡോ. മജീദ് മാർക്കറ്റ് ചെയ്തത് 30 ഹെർബൽ ഉൽപ്പന്നങ്ങളാണ്. ഈ രംഗത്തെ വളർച്ചയും ഉൽപ്പന്നങ്ങളുടെ ഡിമാന്റും മനസിലാക്കിയതോടെ ബാംഗ്ലൂരിൽ സമി ലാബ്സ് എന്ന വൻകിട ഗവേഷണ, വികസന കേന്ദ്രം തുടങ്ങി. 1991 ൽ. ഇന്ത്യയിൽ നിന്ന് ഏറ്റവും മികവോടെ ആരോഗ്യ, സൗന്ദര്യ വസ്തുക്കൾ കയറ്റുമതി ചെയ്യാം എന്ന ഉറപ്പ് ലോകത്തിനു നൽകിയതും സമി ഗ്രൂപ്പാണ്.

ഇപ്പോൾ സമി ലാബ്സ് വികസിപ്പിച്ചെടുക്കുന്ന വിവിധ ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗ് ലോകമെമ്പാടും നടക്കുന്നത് സബിൻസ വഴിയാണ്. 2010 ൽ സമി ഡയക്റ്റ് എന്ന പേരിൽ ന്യൂട്രസ്യൂട്ടിക്കൽ, കോസ്മസ്യൂട്ടിക്കൽ പ്രോഡക്റ്റുകൾക്കായി ഒരു ഡയറക്റ്റ് മാർക്കറ്റിംഗ് വിഭാഗവും ആരംഭിച്ചു.

അടുത്ത വർഷങ്ങളിൽ കൺസ്യൂമർ ഹെൽത്ത്കെയർ മേഖലയിലുണ്ടാകുന്ന വളർച്ച വളരെ വലുതായിരിക്കുമെന്നാണ് പഠനങ്ങൾ പറയുന്നത്. ഫോർട്ടിഫൈഡ് ഭക്ഷ്യവസ്തുക്കൾ, സപ്ലിമെന്റുകൾ. വിറ്റാമിനുകൾ തുടങ്ങിയ ഉൽപ്പന്നങ്ങളുടെ ഡിമാന്റിലുണ്ടാകുന്ന വർദ്ധനയാണ് ഈ വളർച്ചയ്ക്ക് പിന്നിൽ.

'ജീവിതശൈലിയിൽ മാറ്റമൊന്നും വരാത്ത രീതിയിൽ ന്യൂട്രിഷണൽ സപ്ലിമെന്റുകൾ കഴിച്ച് ആരോഗ്യം കാത്തുസൂക്ഷിക്കാനാണ് ആളുകൾക്ക് താൽപ്പര്യം. ആരോഗ്യമേഖലയിൽ ഇത്തരം ഉൽപ്പന്നങ്ങളും സേവനങ്ങളും കൂടുതൽ പ്രചാരം നേടുകയാണ്.' പുതിയ വിപണികളും പുതിയ ഉൽപ്പന്നങ്ങളുമായി ഡോ. മജീദും കൂട്ടരും മുന്നോട്ടുപോകുന്നതും ഈ മാറ്റങ്ങൾക്കൊപ്പമാണ്.

> **അമേരിക്കക്കാർക്ക് പ്രശ്നം സൃഷ്ടിച്ചിരുന്ന പല അസുഖങ്ങളും ഭേദമാക്കാൻ ആയുർവേദത്തിന് കഴിയും എന്ന് തെളിയിച്ചതാണ് ഞങ്ങൾക്ക് വിജയം നേടിത്തന്നത്**



ഡോ. മുഹമ്മദ് മജീദ്

## 'അധ്വാനമാണ് എന്റെ കരുത്ത്'

**? ബിസിനസ് നൽകിയ ആദ്യ പാഠം എന്താണ്?**

▶ മികച്ച ഗവേഷണങ്ങളിലൂടെ വികസിപ്പിച്ച ഹെർബൽ മരുന്നുകൾക്ക് വൻ സാധ്യതയാണെന്നു തന്നെ. അവയെ ഡ്രഗ്സിന്റെ തലത്തിലേക്ക് കൊണ്ടുവരാൻ കഴിയുമെന്നും.

**? വിദേശത്ത് സംരംഭം തുടങ്ങാൻ ഏറ്റവും അനുയോജ്യമായ രാജ്യം ഏതാണ്?**

▶ സൗത്ത് ഈസ്റ്റ് ഏഷ്യയാണ് ഇന്ന് ബിസിനസുകൾക്ക് ഏറ്റവും യോജിച്ചത്. പ്രത്യേകിച്ചും ഇന്ത്യോനേഷ്യ, മലേഷ്യ, ദുബായ് എന്നിവിടങ്ങളിൽ വലിയ വളർച്ച പ്രതീക്ഷിക്കാം. ഇവിടെ വിപണി നേടാൻ കൂടുതൽ എളുപ്പമാണ്, സമി ലാബ്സിനെപ്പോലുള്ള കമ്പനികൾക്ക് മാനേജ് ചെയ്യാൻ കഴിയുന്ന നിയന്ത്രണങ്ങളേ ഇവിടെയുള്ളൂ, അതുകൊണ്ട് ഇനി വരുന്ന വർഷങ്ങളിൽ 20 മുതൽ 25 ശതമാനം വരെ വളർച്ചയുണ്ടാകും. ന്യൂട്രീഷണൽ, ന്യൂട്രാസ്യൂട്ടിക്കൽ രംഗത്ത് ഏറെ മുന്നിലെത്താൻ ജപ്പാനും ഇനി സാധ്യതയുണ്ട്.

**? യു.എ.ഇയിലെ വികസന പദ്ധതികൾ?**

▶ സമി ഡയറക്റ്റ് ദുബായിയിൽ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു, ഇത് ജിസിസി രാജ്യങ്ങളിലേക്ക് അടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ വ്യാപിപ്പിക്കാനാണ് പ്ലാൻ. ദുബായിയിലെ പുതിയ സെന്റർ കസ്റ്റമർ, ഡിസ്ട്രിബ്യൂട്ടർ നെറ്റ്വർക്ക് കൂടുതൽ വിപുലമാക്കാൻ സഹായിക്കും. ഒരു വർഷത്തിനുള്ളിൽ പതിനായിരം ഡിസ്ട്രിബ്യൂട്ടർമാരെയാണ് ഞങ്ങൾ ദുബായിൽ നേടാൻ പോകുന്നത്. ഇന്ത്യോനേഷ്യ, ഫിലിപ്പീൻസ്, തായ്‌ലന്റ് എന്നിവിടങ്ങളിൽ ഓഫീസുകൾ തുടങ്ങി സൗത്ത് ഈസ്റ്റ് ഏഷ്യയിൽ ഉൽപ്പന്നങ്ങൾ എത്തിക്കാനും പദ്ധതിയുണ്ട്.

**? കോട്ടയ്ക്കൽ ആര്യവൈദ്യശാലയുമായി ചേർന്നുള്ള പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്? കോൺട്രാക്റ്റ് ഫാമിംഗ് ഉൾപ്പെടെയുള്ള പദ്ധതികൾ വിജയമാണോ?**

▶ വളരെ മികച്ച രീതിയിലാണ് ഈ ജോയ്ന്റ് വെൻചർ മുന്നോട്ട് പോകുന്നത്. നൂറ് വർഷത്തിലേറെയായി സമൂഹനന്മ മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ആര്യവൈദ്യശാലയുടെ പരമ്പരാഗതമായ അറിവുകളും പരിചയവും ആധുനിക ശാസ്ത്രവിജ്ഞാനവുമായി ചേർക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം.

ഇപ്പോൾ തമിഴ്നാട്ടിലും ബാംഗ്ലൂരിലുമാണ് ഞങ്ങൾ കോൺട്രാക്റ്റ് ഫാമിംഗ് നടത്തുന്നത്. കേരളത്തിലും ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിലും സ്ഥലം ലഭ്യമായാൽ അവിടെയും ഇത്തരം ഫാമിംഗ് നടത്താൻ കഴിയും. ഔഷധ കൃഷിരീതികളിൽ കർഷകർക്ക് പരിശീലനം നൽകാൻ കഴിയുന്ന മോഡൽ ഫാമുകൾ ആണ് ഇനി വേണ്ടത്.

**? എന്താണ് സമിലാബ്സിന്റെ ഭാവി പദ്ധതികൾ? ന്യൂട്രസ്യൂട്ടിക്കൽ, കോസ്മസ്യൂട്ടിക്കൽ രംഗങ്ങളിൽ ഇനി എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കാം?**

▶ അമേരിക്ക, യൂറോപ്യൻ യൂണിയൻ, ജപ്പാൻ തുടങ്ങിയ വികസിത വിപണികളിൽ കൂടുതൽ മാർക്കറ്റിംഗ് കമ്പനികളാണ് ഞങ്ങളുടെ ലക്ഷ്യം. അതോടൊപ്പം, ഞങ്ങളുടെ ഓപ്പറേഷൻസ് കൂടുതൽ ശക്തമാക്കാൻ സഹായിക്കുന്ന ഉൽപ്പാദന യൂണിറ്റുകളും സപ്ലൈ വർധിപ്പിക്കാനായി വേണ്ട കാർഷിക സാധ്യതകളുമാണ് സൗത്ത് ഈസ്റ്റ് ഏഷ്യയിൽ കമ്പനി ശ്രദ്ധിക്കുന്നത്. ആഗോളതലത്തിൽ കൂടുതൽ ശക്തമായി മുന്നേറാൻ പാശ്ചാത്യ വിപണിയിൽ കമ്പനികൾ ഏറ്റെടുക്കാനും ഇത് യോജിച്ച സമയമാണ്.

2018 ആകുമ്പോഴേക്കും ഗ്ലോബൽ ന്യൂട്രസ്യൂട്ടിക്കൽ രംഗം 250 ബില്യൺ ഡോളർ മാർക്കറ്റാകുമെന്നാണ് കണക്ക്. ഇപ്പോൾ ഇന്ത്യയുടെ മാർക്കറ്റ് ഷെയർ 10 ശതമാനത്തിലും താഴെയാണ്. പക്ഷെ, ആഗോളതലത്തിലെ വാർഷിക വളർച്ച ഏഴ് ശതമാകുമ്പോൾ ഇന്ത്യയ്ക്ക് ഇത് 20 ശതമാനമായിരിക്കും എന്ന കണക്കുകൂട്ടലിൽ നിന്ന് മനസിലാക്കാം ഈ രംഗം സൃഷ്ടിക്കാൻ പോകുന്ന പുതിയ സാധ്യതകൾ. ലോകത്തെ ഏറ്റവും മികച്ച 25 ജൈവ വൈവിധ്യ മേഖലകളിൽ നാലെണ്ണം ഇന്ത്യയിലാണ് എന്നത് തന്നെ പല പുതിയ കണ്ടെത്തലുകളുടെയും സൂചനയാണ്.

ഇന്ത്യയിലെ കോസ്മറ്റിക് രംഗത്തും വലിയ വളർച്ചയാണ്. ജീവിതശൈലിയിലെ മാറ്റങ്ങൾ, വൃദ്ധജനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധന, പുതിയ ഉൽപ്പന്നങ്ങൾ എന്നിവയെല്ലാം കാരണം വളരെ വലിയ നിക്ഷേപങ്ങളാണ് ഈ മേഖലയിലുണ്ടാകുന്നത്. ആന്റി ഏജിംഗ് ഉൽപ്പന്നങ്ങളുടെ ഡിമാന്റ് കോസ്മസ്യൂട്ടിക്കൽ രംഗം തന്നെ മാറ്റിമറിച്ചിട്ടുണ്ട്. ഓൺലൈൻ സൈറ്റുകളും വലിയ മാറ്റമാണുണ്ടാക്കിയത്. ഇന്ത്യയിലെ കോസ്മസ്യൂട്ടിക്കൽ മേഖല 2022 ആകുമ്പോഴേക്കും 16 ശതമാനം വളർച്ച നേടുമെന്നാണ് ഞങ്ങൾ കരുതുന്നത്.

ഞങ്ങളുടെ ഗ്രൂപ്പിന്റെ ഹെർബൽ വെൽനസ്, ഡയറ്ററി സപ്ലിമെന്റ് ഉൽപ്പന്നങ്ങൾ ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്കനുസരിച്ച് എപ്പോഴും കൂടുതൽ മികച്ചതാക്കാൻ ശ്രദ്ധിക്കാറുണ്ട്. അവയുടെ മാർക്കറ്റ് ഷെയർ വർദ്ധിപ്പിക്കാൻ വ്യത്യസ്തമായ ഡിസ്ട്രിബ്യൂഷൻ മാർഗങ്ങളും പരീക്ഷിക്കാറുണ്ട്.

**? താങ്കളുടെ മാനേജ്മെന്റ് ലീഡർഷിപ്പിന്റെ രഹസ്യമെന്താണ്?**

▶ ഞാൻ അധ്വാനത്തിൽ വിശ്വസിക്കുന്ന ഒരാളാണ്. കൂടുതൽ പരിശ്രമിക്കാനും കമ്പനിയുടെ വളർച്ചയ്ക്കായി മികച്ച രീതിയിൽ പ്രവർത്തിക്കാനുമാണ് എന്റെ ടീമിനെ ഞാൻ എപ്പോഴും പ്രോത്സാഹിപ്പിക്കുന്നത്. ■